# മലങ്കര സുറിയാനി കത്തോലിക്കാസഭ

## ബത്തേരി ഭദ്രാസനം

### സർക്കുലർ

# വൈദികരുടെ
# വാർഷിക ധ്യാനം – 2019

കർത്താവിൽ വന്ദ്യ വൈദികരേ, സന്യസ്തരേ, പ്രിയ വിശ്വാസികളേ,

ബത്തേരി രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനം നമ്മുടെ രൂപതയുടെ ഏറ്റവും വലിയ ആത്മീയ ശുശ്രൂഷകളിൽ ഒന്നാണ്. അത് നമ്മുടെയെല്ലാം ആത്മീയ നവീകരണത്തിനും വിശുദ്ധീകരണത്തിനും ദൈവീക ശുശ്രൂഷയുടെ പുനർസമർപ്പണത്തിനുമുള്ള സന്ദർഭമാണ്. ഒപ്പം നമ്മുടെ സഭയുടെയും രൂപതയുടെയും ദൈവജനത്തിന്റെയും വിശ്വാസ വിപുലീകരണത്തിന്റെയും സമയവുമാണ്. നമ്മുടെ സഭാ അസംബ്ലിയുടെ ചിന്താവിഷയം 'കൃപ നിറയുന്ന കുടുംബങ്ങൾ' എന്നായിരുന്നുവല്ലോ? വൈദികരുടെ ധ്യാനം നമ്മുടെ കുടുംബങ്ങളെ ദൈവ കൃപകൊണ്ട് നിറയ്ക്കാൻ സഹായിക്കുന്ന പ്രാർത്ഥനയുടെ സമയമാണ്. പ്രാർത്ഥിച്ചും ദൈവവചനം ധ്യാനിച്ചും വി. കുർബ്ബാനയിൽ ആഴത്തിൽ സമർപ്പിച്ചും വൈദികർ സ്വയം വിശുദ്ധീകരിക്കുന്ന ധ്യാന ദിവസങ്ങളിൽ നമ്മുടെ എല്ലാ സന്യസ്തരും വിശ്വാസികളും അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമിപ്പിക്കട്ടെ.

വാർഷിക ധ്യാനം ആരംഭിക്കുന്നത് ഒക്ടോബർ മാസം 28-ാം തീയ്യതി തിങ്കളാഴ്ചയും സമാപിക്കുന്നത് നവംബർ മാസം 1-ാം തീയ്യതി വെള്ളിയാഴ്ചയുമാണ്. നമ്മുടെ രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരും ധ്യാനത്തിൽ പങ്കുചേരണം എന്നത് അവരുടെ പൗരോഹിത്യ സമർപ്പണത്തിന്റെ ഭാഗവും കാനോനികമായ കടമയുമാണ്. ഒരു പുരോഹിതൻ എപ്പോഴും ശമുവേലിനെപ്പോലെ ദൈവത്തെ കേൾക്കുവാനും ദാനിയേലിനെപോലെ ദൈവസന്നിധിയിൽ മുട്ടുകുത്തുവാനും ദാവീദിനെപ്പോലെ ദൈവത്തോട് ചേർന്നുനിൽക്കുവാനും ഹാനോക്കിനെപ്പോലെ ദൈവത്തോടൊപ്പം നടക്കുവാനും നോഹയെപ്പോലെ ദൈവത്തിന്റെ മുഖം നോക്കി യാത്ര ചെയ്യാനും വിളിക്കപ്പെട്ടവനാണ്. അതുകൊണ്ട് എല്ലാ വൈദികരും വാർഷിക ധ്യാനത്തിൽ പങ്കെടുക്കുകയും അവരുടെ ദൗത്യം ബലപ്പെടുത്തുകയും വേണം. വാർഷിക ധ്യാനത്തെ നമ്മുടെ പൗരോഹിത്യ സമർപ്പണത്തിന്റെ ഭാഗവും അനുഗ്രഹവുമായി കണ്ട് പ്രത്യേകം ഒരുങ്ങി ധ്യാനത്തിൽ പങ്കുചേരണം. ആരോഗ്യപരമായ കാരണങ്ങളാൽ ആർക്കെങ്കിലും ധ്യാനത്തിൽ പങ്കെടുക്കുവാൻ പ്രയാസമുണ്ടെങ്കിൽ അത് രൂപതാദ്ധ്യക്ഷനെ മുൻകൂട്ടി അറിയിച്ച് അനുവാദം വാങ്ങിക്കേണ്ടതാണ്. മറ്റു കാരണങ്ങൾ കൊണ്ട് ധ്യാനത്തിൽ നിന്ന് വിടുതൽ തേടരുത്. ഈ വർഷത്തെ ധ്യാനം ദൈവദാസനായ മാർ ഈവാനിയോസ് തിരുമേനിയുടെ ആത്മീയതയെ അടിസ്ഥാനപ്പെടുത്തി ബഹു. സൈമൺ ഇലവുത്തുങ്കൽ അച്ചനാണ് നയിക്കുന്നത്. ധ്യാനത്തിന്റെ ക്രമീകരണങ്ങൾ നടത്തിയിരിക്കുന്നത് നമ്മുടെ അരമനയിലും ശ്രേയസ്സിലുമായിട്ടാണ്. എന്തെങ്കിലും പ്രത്യേക സൗകര്യങ്ങൾ ധ്യാനവുമായി ബന്ധപ്പെട്ട് ആവശ്യമുള്ളവർ മുഖ്യ വികാരി ജനറാൾ അച്ചനെ അത് അറിയിക്കേണ്ടതാണ്.

വൈദികർ ഒന്നിച്ച് പ്രാർത്ഥിച്ച് ധ്യാനിക്കുന്നതും വിശുദ്ധ ബലിയർപ്പിക്കുന്നതും വലിയൊരു പെന്തക്കുസ്ത അനുഭവത്തിലേക്കും കൂട്ടായ്മയിലേക്കും സഭാത്മകതയിലേക്കും നമ്മെ നയിക്കും. ആദ് ലിമിനാ സന്ദർശന സമയത്ത് പരിശുദ്ധ പിതാവ് ഓർമിപ്പിച്ച ഒരു കാര്യം ഞാൻ സൂചിപ്പിക്കുന്നു. പിതാക്കന്മാരുടെയും വൈദികരുടെയും സന്യസ്തരുടെയും പ്രാർത്ഥനയും സാക്ഷ്യവുമാണ് ഈ കാലഘട്ടത്തിന്റെ പ്രതിസന്ധികൾക്കുള്ള പ്രതിവിധി. നിങ്ങൾ എന്റെ സാക്ഷികളാകണം(അപ്പ: 1/8). വാർഷിക ധ്യാനത്തെ നല്ലൊരു പ്രാർത്ഥനയ്ക്കും സാക്ഷ്യത്തിനുമായി നമുക്ക് സമർപ്പിക്കാം. യേശു ശിഷ്യൻമാർക്ക് വേണ്ടി പ്രാർത്ഥിക്കുന്നത് ശ്രദ്ധിക്കുക. അവർ സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് ഞാൻ എന്നെതന്നെ വിശുദ്ധീകരിക്കുന്നു(യോഹ:17/19). ശ്ലീഹന്മാർക്ക് വിശുദ്ധീകരണവും ദൗത്യത്തിൽ ദൈവകൃപയും ലഭിക്കുവാൻ വേണ്ടി യേശു സ്വയം വിശുദ്ധീകരിക്കുന്നു. നമ്മുടെ രൂപതയുടെയും നാം ശുശ്രൂഷിക്കുന്ന ദൈവജനത്തിന്റെയും ആത്മീയനിറവ് ലഭ്യമാകുന്നത് നാം സ്വയം യേശുവിനെപ്പോലെ വിശുദ്ധീകരണത്തിന് പ്രാർത്ഥനയിൽ സമർപ്പിക്കുമ്പോഴാണ്. ധ്യാനം ഫലപ്രദമാകുവാൻ വേണ്ടി പ്രാർത്ഥിച്ച് ഒരുങ്ങാം. വാർഷിക ധ്യാനത്തെപ്പറ്റി ഇടവകയിലും ഇതര ശുശ്രൂഷാ കേന്ദ്രങ്ങളിലും നേരത്തെ അറിയിക്കുകയും ആത്മീയ ആവശ്യങ്ങൾക്കുള്ള ക്രമീകരണം നടത്തുകയും വേണം. എല്ലാ വൈദികർക്കും കൃപ നിറഞ്ഞ വാർഷിക ധ്യാനം ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ!

പ്രാർത്ഥനയോടെ

+ഡോ. ജോസഫ് മാർ തോമസ്

(ബത്തേരി രൂപതാദ്ധ്യക്ഷൻ)